കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ്**
**തിരുവനന്തപുരം ജില്ലാ**

**ഓഡിറ്റ് കാര്യാലയം**

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി. 2241/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

ഫോൺ. 0471 2331231

ഇ-മെയിൽ : lfadtvm@yahoo.in

തീയതി.18.5.2020

**ജോയിന്റ് ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

സർ,

വിഷയം : അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്/-**

**ജോയിന്റ് ഡയറക്ടർ**

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ, തിരുവനന്തപുരം)

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.2241/2019 തീയതി:18.5.2020

**തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ **അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിലെ 01.04.2018 മുതൽ 31.03.2019 തീയതി വരെയുള്ള ഇടപാടുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഉണ്ണികൃഷ്ണൻ.പി<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.11.2019 മുതൽ 29.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലതാകുമാരി .എം,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ആശ ജി ആർ ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനിഷ എസ്.ബി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജു എസ്,<br>ഓഡിറ്റർ |
| | ശ്രീ ഷാജി എസ്<br>ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി ബിന്ദു എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ.എസ്.എസ് പത്മകുമാർ | 1.4.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി.സുശീല എ.എം ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) (ഇൻ ചാർജ് ) | 01.08.2018 മുതൽ 04.10.18വരെ |
| | ശ്രീ. ധീരജ് മാത്യു ജെ ജെ | 05/10/2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി. അജിത | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01.04.18 മുതൽ 31.03.19 വരെ |
| ശ്രീമതി. സെലിൻ സ്റ്റെല്ല മേരി | സി.ഡി.പി.ഒ | 01.04.18 മുതൽ 30.06.18 വരെ |
| ശ്രീമതി. താര | | 01.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി പുല്ലുവിള) | ഡോ. നെബു ജോൺ | 01.04.18 മുതൽ 30.10.2018 വരെ |
| | ഡോ.ആനി റ്റിങ്കിൾ ജോസ് | 31.10.18 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി, വിഴിഞ്ഞം) | ഡോ.വഷിത ഗുണസെൽവി.എം | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി വെൺപകൽ) | ഡോ. അജിത്ത് | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | ശ്രീമതി. ദിഷാ മണിയൻ | 01.04.18 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അശോക്. ആർ. | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ. ഓഫീസർ | ശ്രീമതി. മാലതി | 01.04.18 മുതൽ 31.03.19 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ പ്രവീൺ രാജ് | 01/04/2018 മുതൽ 29.09.2018 വരെ |
| | ശ്രീ. മഹേഷ് കുമാർ | 30.09.18 മുതൽ 17.12.2018 വരെ |
| | ശ്രീ ഷിബു ഷൈൻ | 18.12.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക നില | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-11 |
| 12 | മുൻകൂർ ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-12 |
| 13 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയില്ല | 1-13 |
| 14 | ഫയലുകൾ ഹാജരാക്കിയിട്ടില്ല. | 1-14 |
| 15 | എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയില്ല. | 1-15 |
| 16 | ടെണ്ടർ ഫോറവില തിരികെ ലഭ്യമായില്ല | 1-16 |
| 17 | പശുക്കളെ ലഭ്യമാക്കൽ-സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് പദ്ധതി രൂപീകരിച്ചു | 1-17 |
| 18 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. | 1-19 |
| 20 | ഭിന്നശേഷിക്കാർക്ക്-സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ പദ്ധതി-നടപടിക്രമം പാലിച്ചിട്ടില്ല | 1-20 |
| 21 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളെ സംബന്ധിച്ച പരാമർശങ്ങൾ | 1-21 |
| 22 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ-വാഹന ഉപയോഗം, പരിപാലനം എന്നിവയിലെ അപാകതകൾ | 1-22 |
| 23 | സി.എച്ച്.സി കളിലെ സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ | 1-23 |
| 24 | വനിതാ ഗ്രൂപ്പുകൾക്ക് വ്യവസായ യൂണിറ്റ് സ്ഥാപിക്കൽ | 1-24 |
| | ഭാഗം - 2 | |
| | ഇല്ല | |
| | ഭാഗം - 3 | |
| 25 | പശുക്കളെ ലഭ്യമാക്കൽ സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് പദ്ധതി രൂപീകരിച്ചു | 3-1 |
| | ഭാഗം - 4 | |
| 26 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 30 | വായ്പ തിരിച്ചടവ് | 4-5 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| 34 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-11 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – അനുബന്ധം -1 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 07.03.2018 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 1,00,65,59,375/- രൂപയും പ്രതീക്ഷിത ചെലവ് 1,00,15,39,375/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 17.06.2019 | - | - |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 27791576 |
| വരവ് | 63626490 |
| ആകെ | 91418066 |
| ചെലവ് | 80907108 |
| നീക്കിയിരിപ്പ് | 10510958 |

## 1-4 സാമ്പത്തിക വിശകലനം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 37528725 | 37528725 | 37528725 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12739669 | 12739669 | 12739669 | 0 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 4693410 | 4693410 | 4693410 | 0 |
| കാനറ ബാങ്ക് റിവോൾവിംഗ് ഫണ്ട് | 30162 | 1069 | 31231 | 0 | 31231 |
| ഐ.ഒ.ബി ആറാലുംമൂട് (ഐ.എ.വൈ) | 2 | 0 | 0 | 0 | 2 |
| ഐ.ഒ.ബി ആറാലുംമൂട് (SIGN) | 4319 | 124 | 4443 | 0 | 4443 |
| ഐ.ഒ.ബി(ഐ.എ.വൈ) | 2021 | 113 | 2134 | 158 | 1976 |
| ഐ.ഒ.ബി ആറാലുംമൂട് (TSC) | 329247 | 11394 | 340641 | 27635 | 313006 |
| IOBമിസലേനിയസ് | 1468450 | 1682011 | 3150461 | 1672923 | 1477538 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 84 | 64158845 | 66 | 54961804 | 17 | 1 | 85.66 |

# 1-6 തൊഴിലുറപ്പ് പദ്ധതി

വരവ്- ചെലവു കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

# 1-7 ക്ഷേമപദ്ധതികൾ

ബാധകമല്ല

# 1-8 ക്യാഷ് പരിശോധന

ബാധകമല്ല

# 1-9 ആഭ്യന്തര നിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്. വാർഷിക ബഡ്ജറ്റ് രൂപീകരണത്തിന്റെ നടപടി ക്രമങ്ങൾ ക്രോഡീകരിച്ച് ഫയൽ പരിപാലിക്കുന്നില്ല. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ പശുക്കളെ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിനായി പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഖ.3.1 ൽ വിശദീകരിച്ചിട്ടുണ്ട്.

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വനിതാ ഗ്രൂപ്പുകൾക്ക് വ്യവസായ യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം വ്യവസായ യൂണിറ്റിനായുള്ള സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി നൽകുന്നതിന് പകരം ലോൺ തുകയും സബ്സിഡി തുകയും ഒരുമിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.10.2019 മുതൽ 19.10.19 വരെ | 2018-19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.07.18 മുതൽ 24.07.18 വരെ | 2015-16 മുതൽ 2017-18 വരെ | പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് വേളയിൽ മറ്റ് അപാകതകൾ കണ്ടെത്തിയിട്ടില്ല. കെ.എസ്.എ റ്റി വി എം ബി പി 1489 /2019 തീയതി 20.08.2019 നമ്പർ കത്ത് പ്രകാരം 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 മുൻകൂർ ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം കേരള വാട്ടർ അതോറിറ്റി- 15,20,094/- , കെ.എസ്.ഇ.ബി - 18,83,842/- Advance to others – 5,24,632/- എന്നീയിനങ്ങളിൽ ആകെ 39,28,568/- രൂപ ക്രമീകരിക്കാനവശേഷിക്കുന്നു.

i) Advance to others എന്നയിനത്തിന്റെ എം.ജി.എൻ. ആർ.ഇ ജി എസ് വിഭാഗം ജീവനക്കാരുടെ വേതനമിനത്തിൽ മുൻകൂർ നൽകിയ തുകയാണെന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് തിരികെ ലഭ്യമാക്കി അക്കൗണ്ട് ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ തുക എൻ.ആർ.ഇ.ജി.എസിന് നൽകിയ തീയതി, ചെക്ക് നം , അക്കൗണ്ട് നം മുതലായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മുൻകൂർ നൽകിയതിന്റെയും തുക ക്രമീകരിക്കുന്നതിന്റെയും വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

ii)കെ.എസ്.ഇ ബി യ്ക്ക് നൽകിയ തുകയിൽ 17,38,842/- രൂപ 2015-16 മുതൽ 16-17 വർഷങ്ങളിൽ കെ.എസ്.ഇ.ബിയ്ക്ക് കൈമാറിയിട്ടുള്ളതാണെന്നും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട്. (19/28.11.2019) .

KSEB യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

iii) കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ കൃത്യമായ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-13 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികളിൽ ഭൂരിപക്ഷവും റോഡ് പ്രവൃത്തികളാണ്. ബ്ലോക്ക് പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/2019 ന് ഇവ തയ്യാറാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് കണക്റ്റിവിറ്റി മാപ്പ് വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് തലത്തിലും തയ്യാറാക്കിയിട്ടുണ്ട്. ഓരോ തരത്തിലുള്ള റോഡുകൾക്കും പ്രത്യേക നിറം നൽകി സൂചിപ്പിക്കേണ്ടതും റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതുമാണ്.

# 1-14 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

താഴെപറയുന്ന പ്രവൃത്തികളുടെ ഫയലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും, ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(ഓഡിറ്റ് റിക്വിസിഷൻ നം.1)

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ട് പേര് | ചെലവു തുക |
|---|---|---|---|
| 1 | 82 | ബ്ളോക്ക് കോമ്പൗണ്ടിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി | 41961 |
| 2 | 76 | വെങ്ങാനൂർ പ്രീമെട്രിക് ഹോസ്റ്റൽ നവീകരണം | 433675 |
| 3 | 83 | ബ്ളോക്ക് കോംമ്പൗണ്ടിൽ മെറ്റീരിയൽ റിക്കവറി നിർമ്മാണം | 1612754 |
| ആകെ | | | 2088390 |

മുകളിൽ പറയുന്ന ഫയലുകൾ 2മാസത്തിനകം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം രേഖകൾ ലഭ്യമല്ല എന്ന് കണക്കാക്കുന്നതും, ചെലവഴിച്ച 2088390/- ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

# 1-15 ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകളിൽ നാലെണ്ണത്തിൽ മാത്രമേ എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുള്ളൂ. മരാമത്ത് ഫയലുകളുടെ ഒരു അനിവാര്യഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ട് കൂടി ഫയലുകളിൽ ഉൾപ്പെടുത്തി ഫയലുകൾ പൂർണ്ണമാക്കേണ്ടതാണ്.

# 1-16 -ടെൻഡർ ഫോറത്തിന്റെ വില /ടെന്റർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല.

ബ്ലോക്ക്പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 മുതൽ 2017-18 വരെ ഇ-ടെൻഡർ ചെയ്ത പദ്ധതികളിൽ നിന്നും ടെണ്ടർ ഫാറവിലയിനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.8/2019 ന് ലഭ്യമായ വിവരം). വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ ഫാറം വില |
|---|---:|
| 2015-16 | 39000.00 |
| 2016-17 | 61600.00 |
| 2017-18 | 47560.00 |
| 2018-19 | 37550.00 |
| **ആകെ** | **185710.00** |

തുക ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 പശുക്കളെ ലഭ്യമാക്കൽ, സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് പദ്ധതി രൂപീകരിച്ചു-പദ്ധതി നടത്തിപ്പിൽ ഗുരുതര വീഴ്ചകൾ-മേൽ അന്വേഷണം അനിവാര്യം.

പദ്ധതി പേര് : പശുക്കളെ ലഭ്യമാക്കൽ

പദ്ധതി നമ്പർ : SO 90/18-19

അടങ്കൽ : 65,00,000/-

(3640000- SCP &2860000-B.C)

ചെലവ് : 3640000

ബിൽ നമ്പർ & തുക : 3/18-19/21.12.18 & 280000

4 /18-19/14.01.19&560000

5/18-19/14.01.19&280000

6/18-19/18.01.19&560000

7/18-19/24.01.19&280000

8/18-19/11.03.19&1120000

9/18-19/11.03.19&280000

10/18-19/27.03.19&280000

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസനം.

ക്ഷീരവികസന അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ചും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും തുക ചെലവ് ചെയ്തതായി കാണുന്നു. അതിനാൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 28,00,000/-രൂപ നിരാകരിക്കുകയും 8,40,000/-രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. വിശദ വിവരങ്ങൾ ഖണ്ഡിക 3.1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-18 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം വിപുലപ്പെടുത്തണം

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ S0032/19) ആയി വികസനഫണ്ടിൽ നിന്ന് 1000000/- ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഷെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം 07.11.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രതിദിനം 1 ടൺ പ്ലാസ്റ്റിക് പൊടിക്കുന്നതിനുള്ള കാര്യക്ഷമതയുണ്ട്. ഇതുവരെ 284 കിലോ പ്ലാസ്റ്റിക് മാത്രമാണ് ശേഖരിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെട്ട് പ്ലാസ്റ്റിക് ശേഖരണം നടത്തി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തി പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല

<u>1. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല</u>

1) പ്രോജക്ടിന്റെ പേര് - സ്നേഹസ്പർശം സ്കോളർഷിപ്പ് - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക്

പ്രോജക്ട് നമ്പർ - S00 29/19

ബിൽ നമ്പർ - 4/11-06-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 1567500 വികസനഫണ്ട്

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയിൽ 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയാണ് പദ്ധതി നിർവ്വഹിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്ടിന്റെ പേര് - കിണർ റീ ചാർജിംഗ്-(പട്ടിക ജാതി വിഭാഗം

പ്രോജക്ട് നമ്പർ - SOO 27/19

ബിൽ നമ്പർ - 8/11-06-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 272000

സേവന മേഖലയിൽ മണ്ണ് – ജലസംരക്ഷണം എന്ന ഉപമേഖലയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച പദ്ധതിയിൽ 5 ഗ്രാമപഞ്ചായത്തുകൾക്കായി 11.06.2018-ൽ തുക നൽകിയിരിക്കുന്നു. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3) പ്രോജക്ടിന്റെ പേര് - കിണർ റീ ചാർജിംഗ് -ജനറൽ വിഭാഗം

പ്രോജക്ട് നമ്പർ - SOO 14/19

ബിൽ നമ്പർ - 7/11-06-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 1512000

മണ്ണ് - ജലസംരക്ഷണം എന്ന ലക്ഷ്യത്തിനായി 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4) പ്രോജക്ടിന്റെ പേര് - ആശ്രയ – അഗതിരഹിത കേരളം

പ്രോജക്ട് നമ്പർ - SOO 39/19

ബിൽ നമ്പർ - 34/11-02-19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 380800

സാമൂഹ്യ ക്ഷേമവും സാമൂഹ്യ നീതിയും എന്ന മേഖലയിൽപ്പെട്ട അഗതിരഹിത കേരളം എന്ന ലക്ഷ്യത്തോടെ കാഞ്ഞിരംകുളം, കരിങ്കുളം എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി നിർവ്വഹിച്ച പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5) പ്രോജക്ടിന്റെ പേര് - ലൈഫ് പാർപ്പിട പദ്ധതി - പട്ടികജാതി വിഭാഗം

പ്രോജക്ട് നമ്പർ - SOO 5/19

ബിൽ നമ്പർ - 19/26-10-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 2834400

ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുനനതിന്റെ ഭാഗമായി 5 ഗ്രാമപഞ്ചായത്തുകൾക്കായി 2834400/- രൂപ നൽകി നിർവ്വഹിച്ച പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

6) പ്രോജക്ടിന്റെ പേര് - കൊച്ചുതുറ ജനകീയ റോഡ് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ - S00 91/19

ബിൽ നമ്പർ - 27/18-12-19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 145000

പദ്ധതി നിർവ്വഹണത്തിനായി 145000/- രൂപ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ പൂവ്വാർ ഇലക്ട്രിക്കൽ സെക്ഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 27.11.2019-ൽ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 ഭിന്നശേഷിക്കാർക്ക് - സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടർ നൽകൽ പദ്ധതി - നടപടിക്രമം പാലിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് - അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം

പ്രോജക്ട് നമ്പർ - S00 50/19

ബിൽ നമ്പർ - 1/13-12-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - സി.ഡി.പി.ഒ

ആകെ അടങ്കൽ തുക - 1950000

ചെലവ് - 1918000

സാമൂഹ്യ ക്ഷേമം - സാമൂഹ്യ സുരക്ഷിതത്വം എന്ന മേഖലയിൽ ഉൾപ്പെടുന്ന ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് വേണ്ടിയുള്ള പദ്ധതിയാണ്. 5 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് തെരഞ്ഞെടുത്ത 28 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രസ്തുത സ്കൂട്ടർ ഓടിക്കുന്നതിന് ഇൻവാലിഡ് ക്യാരേജ്-മോട്ടോർ സൈക്കിൾ എന്ന വിഭാഗത്തിലെ ഡ്രൈവിംഗ് ലൈസൻസ് ആവശ്യമാണ്. എന്നാൽ 18 ഗുണഭോക്താക്കളിൽ നിന്ന് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഡ്രൈവിംഗ് ലേണേഴ്സ് ലൈസൻസ്

ഉണ്ടെന്നും വാഹനം ഓടിച്ച് 1 മാസത്തിനകം ഡ്രൈവിംഗ് ലൈസൻസ് എടുത്ത് പകർപ്പ് സി.ഡി.പി.ഒ യെ ഏൽപിച്ച് കൊള്ളാം എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വാഹനം ഗുണഭോക്താവിന് നൽകിയിരിക്കുന്നത്. ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കാത്തവരിൽ നിന്നും ആയത് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു കാണുന്നില്ല. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 21 തീയതി 29.11.2019 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ജോയി.എസ് |
| 2 | രമണി.ഡി |
| 3 | ശിവൻകുട്ടി |
| 4 | ജയകുമാർ.വി |
| 5 | സുരേഷ്കുമാർ.പി |
| 6 | ഉഷ |
| 7 | ലിൻസി.എ |
| 8 | സെൽവരാജൻ |
| 9 | ക്രിസ്തുരാജൻ |
| 10 | ആന്റണി.എൻ |
| 11 | ട്രീസ |
| 12 | മഞ്ജു.റ്റി |
| 13 | ബിബിൻകുമാർ |
| 14 | സുനിൽ |
| 15 | ദാമു |
| 16 | അനിൽകുമാർ.എൽ.ഡി |
| 17 | ഷീജ.പി |
| 18 | മിഖേൽ |

# 1-21 കൃഷി ഓഫീസർ നിർവഹണം നടത്തിയ

# പ്രോജക്ടുകളെ സംബന്ധിച്ച പരാമർശങ്ങൾ

(എ) കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 2,17,500/-രൂപ തടസ്സം .

1. പ്രോജക്ട് നം - 24/19 (ജൈവസമൃദ്ധി- തരിശുകൃഷി)

അടങ്കൽ - 217500 ( പൊതുവിഭാഗം സാ.ധാ)

ചെലവ് - 217500 ( Bill no ADA1/18-19, 23.10.2018)

ജൈവസമൃദ്ധി- തരിശുകൃഷി എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 5 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് താഴെപ്പറയുംവിധം വിഹിതം അനുവദിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക | ബിൽ നം /തീയതി |
|---|---|---|
| വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് | 1,12,500/- | ADA1/18-19, 23.10.2018 |
| അതിയന്നൂർ ഗ്രാമപഞ്ചായത്ത് | 45,000/- | “ |
| കരുംകുളം ഗ്രാമപഞ്ചായത്ത് | 30,000/- | “ |
| കാഞ്ഞിരംകുളംഗ്രാമപഞ്ചായത്ത് | 15,000/- | “ |
| കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | 15,000/- | “ |
| ആകെ | 2,17,500/- | |

എന്നാൽ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമല്ല. ആയതിനാൽ 2,17,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) നടപടിക്രമങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം - 25/19 മഴമറ (എസ്.സി.പി)

അടങ്കൽ - 4,00,000/- ( പൊതുവിഭാഗം സാ.ധാ) , വനിതാഘടക പദ്ധതി

ചെലവ് - 3,90,000/-

| ബിൽ നം./തീയതി | തുക |
|---|---|
| 16/27.03.2019 | 60,000/- |
| 8/14.03.2019 | 90,000/- |
| 9/14.03.2019 | 90,000/- |
| 10/16.03.2019 | 90,000/- |
| 11/19.03.2019 | 60,000/- |

ഏത് കാലാവസ്ഥയിലും കൃഷി മുടങ്ങാതിരിക്കാൻ മഴമറ നിർമിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കുകയും 13 ഗ്രൂപ്പുകൾക്ക് 30,000/- രൂപ വീതം ആനുകൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എ. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം പദ്ധതി വനിതാഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 06.09.2018(3/6), 1.12.2018(3/12) തീയതികളിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 4 വനിതകൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. കൂടാതെ ധനസഹായം ലഭ്യമായിരിക്കുന്ന ഗുണഭോക്താക്കൾ 13 പേരിൽ 6 പേർ പുരുഷൻമാരാണ്. വനിതകൾക്കായി രൂപീകരിച്ച പദ്ധതിയിൽ പുരുഷൻമാരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ആനുകൂല്യം നൽകാനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല.

ബി. ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റാണ് പ്രോജക്ടിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമസഭ മുഖേന ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി. ഗുണഭോക്താക്കൾക്ക് മഴമറ നിർമിച്ചുനൽകിയതിന് Pee Yes Associates, കരകുളം എന്ന സ്ഥാപനത്തിന് 3,90,000/-(13*30,000) രൂപ നൽകിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ ജി.ഒ (പി) നം 259/2010/ ത.സ്വ.ഭ.വ തീയതി 08.11.2010 ലെ നടപടിക്രമങ്ങൾ സ്വീകരിക്കാതെയാണ് മേൽ സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്. സ്ഥാപനത്തെ സേവനദാതാവായി തെരഞ്ഞെടുത്തിന്റെ കാരണം, സേവനദാതാവായി അംഗീകരിച്ച ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനം, പ്രോക്വർമെന്റ് കമ്മിറ്റി ശുപാർശ , നിർവഹണ ഉദ്യോഗസ്ഥ സ്ഥാപനവുമായി വച്ച കരാർ തുടങ്ങിയ രേഖകളൊന്നും തന്നെ ഹാജരാക്കുകയോ ഓഡിറ്റ് അന്വേഷണത്തിന് (14/28.11.2019) മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-22 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ- വാഹന ഉപയോഗം, പരിപാലനം എന്നിവയിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലെ 3 സി.എച്ച്.സി കളിൽ ( സി.എച്ച്.സി വെൺപകൽ, സി.എച്ച്.സി പുല്ലുവിള, സി.എച്ച്.സി വിഴിഞ്ഞം) ഉപയോഗിക്കുന്ന ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം, പരിപാലനം എന്നിവയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

i) ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ തീയതി 30.06.2017 പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളിന്റെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ ഫുൾ കപ്പാസിറ്റി ഇന്ധനം നിറയ്ക്കേണ്ടതാണ്. എന്നാൽ സി.എച്ച്.സി കളിലെ വാഹനങ്ങളിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കുന്നില്ല.

ii) വാഹനങ്ങളുടെ റിപ്പയർ രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

iii) സർക്കുലർ നം 41/2008/ധന 02/08/2008 പ്രകാരം ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. എന്നാൽ വിഴിഞ്ഞം സി.എച്ച്.സിയിലെ കെ.എൽ 01 S 1297നമ്പർ മിനിബസിന്റെ ഇന്ധനക്ഷമതാ

ടെസ്റ്റ് യഥാസമയം നടത്തിയിട്ടില്ല. വാഹന ഉപയോഗത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 സി.എച്ച്.സി കളിലെ സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

സി.എച്ച്.സി യിലെ ദൈനംദിന ആവശ്യങ്ങൾക്കായുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടുകൾ പ്രകാരം സി.എച്ച്.സി കളിൽ വാങ്ങുന്ന സ്റ്റേഷനറികൾ, മരുന്നുകൾ, ഫർണിച്ചറുകൾ എന്നിവ മൂന്ന് സി.എച്ച്.സി കളിലെയും (സി.എച്ച്.സി വെൺപകൽ, സി.എച്ച്.സി പൂല്ലുവിള, സി.എച്ച്.സി വിഴിഞ്ഞം ) ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട്.

ജി.ഒ (പി) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ് (കെ.എഫ് സി വാല്യം II) . എന്നാൽ സി.എച്ച്.സി കളിൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

ഉദാ - 1.വെൺപകൽ സി.എച്ച്.സി യിൽ പ്രോജക്ട് നം 55/19 പ്രകാരം 21,600/- രൂപ ചെലവഴിച്ച് വാങ്ങിയ സാധനങ്ങളുടെ ( ഇൻവോയിസ് നം 733/22.03.2019, അശ്വതി ഏജൻസീസ്, ബജാജ് എക്സ്ഹോസ്റ്റ് ഫാൻ Rs 4,800/- , ഇൻവോയിസ് നം 875/29.03.2019, Medansa Health Care Nap Clean Hand rub 120 , മറ്റു മരുന്നുകൾ മുതലായവ) വിവരങ്ങൾ രേഖപ്പെടുത്തിയ നിശ്ചിത ഫോർമാറ്റിലുള്ള സ്റ്റോക്ക് രജിസ്റ്റർ ( കെ.എഫ്.സി വാല്യം 2 അധ്യായം 6) സൂക്ഷിച്ചിട്ടില്ല.

2. പൂല്ലുവിള സി.എച്ച്.സി യിൽ വൗച്ചർ നം 121/18-19 പ്രകാരം ഭാരത് ഓഫ്സെറ്റ് പ്രിന്റേഴ്സ് , കാഞ്ഞിരംകുളത്തിൽ നിന്നും (ഇൻവോയിസ് നം 8/09/19) Lab Report Book 10 എണ്ണം വാങ്ങി.

വൗച്ചർ നം 126/18-19 പ്രകാരം ഭാരത് ഓഫ്സെറ്റ് പ്രിന്റേഴ്സ്, കാഞ്ഞിരംകുളത്തിൽ നിന്നും ഇൻവോയിസ് നം401/12.09.18) രസീത് ബുക്ക് Book 10 എണ്ണം വാങ്ങി.

എന്നാൽ ഈ വിവരങ്ങൾ ഉൾപ്പെട്ട നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

സ്റ്റോർ പർച്ചെയ്സ് മാനുവൽ, കേരള ഫിനാൻഷ്യൽ കോഡ് എന്നിവയിൽ നിഷ്കർഷിക്കും പ്രകാരം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

# 1-24 വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

## എ) വനിതാ ഗ്രൂപ്പുകൾക്ക് വ്യവസായ യൂണിറ്റ് സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ 10/19

പദ്ധതി അടങ്കൽ -1800000

പദ്ധതി ചെലവ് -1650000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വ്യവസായ വികസന ഓഫീസർ
ബിൽ നം./തീയതി-18020263087800034469/15.12.18 – 450000
18020263087801108383/12.3.19 –150,000
18020263087801336168/21.3.19 – 450000
18020263087801380182/21.3.19 – 300000
18020263087801400615/21.3.19 – 300000

വനിത ഗ്രൂപ്പുകൾക്ക് വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 150000/- രൂപ വീതം ബാക്ക് എൻഡ് സബ്സിഡി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള കെട്ടിടം, വായ്പ, ലൈസൻസ്, വിപണനം എന്നിവ ഗ്രൂപ്പ് കണ്ടെത്തി പ്രവർത്തനം ആരംഭിച്ചശേഷമാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ പദ്ധതി ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ വിപണനയൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. വിപണനയൂണിറ്റുകൾക്ക് ബാങ്കിൽ നിന്നും സബ്സിഡി തുകയും വായ്പ തുകയും ഒരുമിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. ലഭ്യമാക്കിയ പാസ്സ് ബുക്കിന്റെ കോപ്പികളിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചത് പ്രകാരമുള്ള മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

1. ഗ്രൂപ്പുകൾ 2018-19 വർഷത്തിൽ സി.ഡി.എസ്സിൽ രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2.വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടിയതിന്റെ വിവരങ്ങൾ,യൂണിറ്റുകൾ പ്രവർത്തിക്കുന്ന കെട്ടിട നമ്പർ , വാടക കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. താഴെപറയുന്ന ഗ്രൂപ്പുകളുടെ അപേക്ഷ പരിശോധിച്ചത് പ്രകാരം യന്ത്രസാമഗ്രികളുടെ ബില്ലിൽ ഇൻവോയിസ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബില്ലുകളിലെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

| കുടുംബശ്രീയുടെ പേര് | സ്ഥാപനം | തുക |
|---|---|---|
| ശിവ പാർവ്വതി കുടുംബ ശ്രീ സ്വയം സഹായ സംഘം | ആദിത്യ എന്റർപ്രൈസസ്സ് | 115805/-<br>4220/- |
| | രഞ്ജിത്ത് എന്റർപ്രൈസസ്സ് | 88625/- |
| സബർമതി വനിതാ സ്വയം സഹായ സംഘം | ആദിത്യ എന്റർപ്രൈസസ്സ് | 202025/- |
| ശിവശ്രീ സഹായ സംഘം | ആദിത്യ എന്റർപ്രൈസസ്സ് | 202025/- |
| സിയോൺ സ്വയം സഹായ സംഘം | രവികുമാർ ഏജൻസീസ് | 103870/- |
| അഭയ വനിത സ്വയം സഹായ സംഘം | ആദിത്യ എന്റർപ്രൈസസ്സ് | 213190/-<br>209764/- |
| ഉഷസ്സ് വനിത സ്വയം സഹായ സംഘം | ആദിത്യ എന്റർപ്രൈസസ്സ് | 150124/- |

ഇതിൽ ഉഷസ്സ് വനിത സ്വയം സഹായ സംഘത്തിന്റെ വ്യവസായ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

4. ദേശസാൽകൃത ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാകാൻ കാലതാമസം നേരിടുന്നുവെന്ന കാരണത്താൽ ലോൺ സഹകരണ ബാങ്കുകളിൽ നിന്നും സ്വീകരിക്കാൻ 15-10-18-ൽ കൂടിയ (15-ാം നം തീരുമാനം) ജനറൽ കമ്മിറ്റി നിർവഹണോദ്യോഗസ്ഥന് അനുമതി നൽകി. ഗ്രൂപ്പുകൾക്കുള്ള ലോൺ തുകകൾ കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്ക്, നെയ്യാറ്റിൻകര താലൂക്ക് നിർമ്മാണ തൊഴിലാളി ക്ഷേമ സഹകരണസംഘം, കാഞ്ഞിരംകുളം ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവ മുഖാന്തിരമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത സൊസൈറ്റികൾക്ക് ലോൺ അനുവദിക്കുന്നതിനുള്ള അധികാരം ഉണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല. മേൽ സൊസൈറ്റികളുടെ കീഴിലുള്ള ഗ്രൂപ്പുകളുടെ പാസ് ബുക്കുകളിൽ ലോൺ തുക രേഖപ്പെടുത്തികൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളുടെ പ്രസ്തുത സൊസൈറ്റികളുടെ അക്കൗണ്ടുകളിലേക്ക് സബ്സിഡി തുക നൽകി. ഗ്രൂപ്പുകൾ ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ, ഗ്രൂപ്പുകളുടെ ലോൺ പാസ്സ് ബുക്ക് എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വ്യവസായ സംരംഭ യൂണിറ്റിനായി മേൽ സൊസൈറ്റികളിൽ നിന്നും എടുത്ത വായ്പയുടെ നിജസ്ഥിതി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

5.താഴെ പറയുന്ന ഗ്രൂപ്പുകളുടെ വ്യവസായ യൂണിറ്റിനായുള്ള സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി നൽകുന്നതിന് പകരം ലോൺ തുകയും സബ്സിഡി തുകയും ഒരുമിച്ച് കാഞ്ഞിരംകുളം ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു.

കൈരളി വനിത സ്വയം സഹായ സംഘം
അഭയ വനിത സ്വയം സഹായ സംഘം
ഉഷസ്സ് വനിത സ്വയം സഹായ സംഘം
സിയോൺ സ്വയം സഹായ സംഘം
മേരിമാതാ വനിത സ്വയം സഹായ സംഘം
സുരഭി വനിത സ്വയം സഹായ സംഘം

വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്റർ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടിയതിന്റെ വിവരങ്ങൾ,യൂണിറ്റുകൾ പ്രവർത്തിക്കുന്ന കെട്ടിട നമ്പർ , വാടക കരാർ , ഗ്രൂപ്പുകൾ ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ, ഗ്രൂപ്പുകളുടെ സേവിംഗ്സ് പാസ്സ് ബുക്ക്, ലോൺ പാസ്സ് ബുക്ക് എന്നിവയുടെ ഒറിജിനൽ, ഇൻവോയിസ് ഇല്ലാതെ വാങ്ങിയ ബില്ലുകളുടെ നിജസ്ഥിതി എന്നിവ ലഭ്യമാക്കേണ്ടതാണ്.പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ മുഴുവൻ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കി വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ബി) വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം**

പ്രോജക്ട് നമ്പർ 94//19

പദ്ധതി അടങ്കൽ -1300000

പദ്ധതി ചെലവ് -1200000

ബിൽ നം/തീയതി 1802026308780 0344722/15.12.18 – 300000
1802026308780 1090940/22.1.19 –500000

1802026308780 1221134/23.2.19 – 100000
1802026308780 1286654/8.3.19 – 100000
18020263087801338767/14.3.19 – 100000
1802026308780140865/21.3.19 – 100000

പദ്ധതി പ്രകാരം 12 ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭത്തിനുള്ള സബ്സിഡിയായി 100000/- രൂപ വീതം നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ പ്രസ്തുത ഗ്രൂപ്പുകൾ സി.ഡി.എസ്സ് രജിസ്ട്രേഷൻ പുതുക്കിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് പ്രകാരം ആനുകൂല്യം നൽകിയ ഗുരുകൃപ ഡ്രസ്സ് മേക്കിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാകാൻ കാലതാമസം നേരിടുന്നുവെന്ന കാരണത്താൽ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ സ്വീകരിക്കാൻ 15-10-18-ൽ കൂടിയ (15-ാം നം തീരുമാനം) ജനറൽ കമ്മിറ്റി നിർവഹണോദ്യോഗസ്ഥന് അനുമതി നൽകി. ഗ്രൂപ്പുകൾക്കുള്ള ലോൺ തുകകൾ കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്ക്, നെയ്യാറ്റിൻകര താലൂക്ക് നിർമ്മാണ തൊഴിലാളി ക്ഷേമ സഹകരണസംഘം, കാഞ്ഞിരംകുളം ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവ മുഖാന്തിരമാണ് നൽകിയിട്ടുള്ളത്. പ്രസ്തുത സോസൈറ്റികൾക്ക് ലോൺ അനുവദിക്കുന്നതിനുള്ള അധികാരമുണ്ടോ എന്ന് വ്യക്തമല്ല. സൊസൈറ്റികൾ, വിവിധ ഗ്രൂപ്പുകളുടെ പാസ് ബുക്കുകളിൽ ലോൺ തുക രേഖപ്പെടുത്തി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റികളുടെ അക്കൗണ്ടുകളിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി തുക നൽകി. ഗ്രൂപ്പുകൾ ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ , ഗ്രൂപ്പുകളുടെ ലോൺ പാസ്സ് ബുക്ക് എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വ്യവസായ സംരംഭ യൂണിറ്റിനായി മേൽ സൊസൈറ്റികളിൽ നിന്നും എടുത്ത വായ്പയുടെ നിജസ്ഥിതി ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

വേണ്ടത്ര പരിശോധന കൂടാതെ ആനുകൂല്യം നൽകുന്നത് വഴി പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ മുഴുവൻ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കി വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ പദ്ധതികൾക്കു വേണ്ടി ചെലവഴിച്ച ആകെ തുക 28,50,000/- (1650,000 + 1200000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് പ്രവർത്തിക്കുന്നതിന്റെ കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 .**

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പശുക്കളെ ലഭ്യമാക്കൽ - സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ച് പദ്ധതി രൂപീകരിച്ചു. പദ്ധതി നടത്തിപ്പിൽ ഗുരുതര വീഴ്ചകൾ, മേൽ അന്വേഷണം അനിവാര്യം

പദ്ധതി പേര് : പശുക്കളെ ലഭ്യമാക്കൽ

പദ്ധതി നമ്പർ : SO 90/18-19

അടങ്കൽ : 6500000

(3640000- SCP &2860000-B.C)

ചെലവ് : 3640000

ബിൽ നമ്പർ & തുക : 3/18-19/21.12.18 & 280000

4 /18-19/14.01.19&560000

5/18-19/14.01.19&280000

6/18-19/18.01.19&560000

7/18-19/24.01.19&280000

8/18-19/11.03.19&1120000

9/18-19/11.03.19&280000

10/18-19/27.03.19&280000

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസനം.

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതിയായ പശുക്കളെ വാങ്ങി നൽകുന്ന പദ്ധതി, ഒരു വർഷത്തേയ്ക്ക് ഏറ്റെടുക്കാൻ 17.9.2018 ൽ ഡിഎ1/652/2018 തസ്വഭവ നമ്പറായി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയക്കെടുതി മൂലം കുറവ് വന്ന സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കന്നുകാലികളെ സംസ്ഥാനത്തിന് പുറത്തു നിന്ന് വാങ്ങി ഗ്രാമപഞ്ചായത്തുകൾ നൽകിയിട്ടുള്ള ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നൽകാവുന്നതാണ്. ഈ ആവശ്യത്തിന് ക്ഷീര കർഷകർക്ക് ലഭിക്കുന്ന ബാങ്ക് ലോണിന്റെ പലിശ പൂർണ്ണമായി ബ്ലോക്ക് പഞ്ചായത്തുകൾ നൽകുന്ന

തരത്തിലുള്ള പദ്ധതിയാണ് വിഭാവനം ചെയ്യേണ്ടത്. ഇതിലൂടെ ക്ഷീര കർഷകർക്ക് പൂർണ്ണമായും പലിശ രഹിത വായ്പ ലഭിക്കുന്നതിനു തുല്യമായി പദ്ധതി മാറുന്നതാണ്. കൂടാതെ സർക്കുലറിലെ രണ്ടാം മാർഗ്ഗ നിർദ്ദേശ പ്രകാരം പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ പ്രളയക്കെടുതി മൂലമുള്ള പുനർ നിർമ്മാണമെന്ന നിലയിലുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതല്ല. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് ബാങ്ക് ലോണിന് മേലുള്ള പലിശ നൽകൽ എന്ന രീതിയ്ക്ക് പകരം സബ്സിഡി തുക ബാക്ക് എൻഡായി നൽകുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പത്ത് അംഗങ്ങൾ ഉൾപ്പെട്ട ഒരു വനിത യൂണിറ്റിന് (എസ്.സി) 280,000/- രൂപ വീതം 13 ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

ദേശ സാൽകൃത ബാങ്കുകളിൽ നിന്നും ലോൺ ലഭ്യമാകാൻ കാലതാമസം നേരിടുന്നുവെന്ന കാരണത്താൽ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ സ്വീകരിക്കുവാൻ 15.10.18 ലെ 15-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അനുവാദം നൽകി. ഇതിനെ തുടർന്ന് കാഞ്ഞിരംകുളം ഫാർമേഴ്സ് വെൽഫെയർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി (T.1812), കിടാരക്കുഴി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (Ltd.no.2516). നെയ്യാറ്റിൻകര കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സംഘം (No.1978) എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലോൺ ലഭിച്ചതായി ഗ്രൂപ്പുകളുടെ പേരിലുള്ള ബാങ്ക് പാസ് ബുക്കുകളിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാകുന്നു.

## പദ്ധതി രൂപീകരണത്തിലെ അപാകതകൾ

1. 17.09.18 ലെ ഡിഎ1/652/2018/തസ്വഭവ പ്രകാരം പ്രളയം മൂലം നാശനഷ്ടം സംഭവിച്ചിട്ടില്ലാത്ത ത.സ്വ.ഭ സ്ഥാപനങ്ങളിൽ വാർഷിക പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനല്ലാതെ മറ്റു പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. പ്രളയം മൂലം നാശനഷ്ടം സംഭവിച്ചിട്ടില്ലാത്ത അതിയന്നൂർ ബ്ലോക്കിൽ (13.01.19 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം) സർക്കുലറിന് വിരുദ്ധമായി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതായി കാണുന്നു.

2. ബാങ്ക് ലോണിൻ മേൽ നൽകേണ്ട പലിശ നൽകുന്നതിനായി പദ്ധതി തയ്യാറാക്കാതെ പകരം സബ്സിഡി നൽകുവാനായിട്ടാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

3. വ്യക്തിഗത ആനുകൂല്യത്തിനായി വിഭാവന ചെയ്ത പദ്ധതിയായിരുന്നെങ്കിലും ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിധത്തിലാണ് പദ്ധതി രൂപീകരിച്ചത്.

4. പ്രോജക്ട് രൂപീകരണ വേളയിൽ സബ്സിഡി തുക നൽകുവാനുള്ള മാനദണ്ഡങ്ങൾ, ലോൺ തിരിച്ചടവ് തുടങ്ങിയവ വിലയിരുത്തിയതായി കാണുന്നില്ല.

5. വായ്പാ സാധ്യതകളുടെ നിർദ്ദേശങ്ങൾക്കായി ബാങ്കുകളുമായി ചർച്ച ചെയ്യേണ്ടതുണ്ട്. ഇതിനായി ബാങ്ക് പ്രതിനിധികളുടെ പ്രത്യേക യോഗം വിളിച്ചു ചേർത്തിട്ടില്ല.

6. ഗുണഭോക്താക്കൾ സ്വീകരിക്കുന്ന ലോൺ തുകയ്ക്ക് ഈടാക്കുന്ന പലിശ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുന്നതിനു പകരം മാനദണ്ഡങ്ങളില്ലാതെ എസ്.സി.പി ഫണ്ട് വിനിയോഗിച്ചിരിക്കുന്നു.

7. കറവപ്പശുക്കളുടെ പരിപാലനം യൂണിറ്റടിസ്ഥാനത്തിൽ നടത്തുന്നതിനോ അല്ലെങ്കിൽ ഗ്രൂപ്പ് അംഗങ്ങൾ വ്യക്തിപരമായി പരിപാലനം നടത്തുന്നതിനോ ഉള്ള മാർഗരേഖ തയ്യാറാക്കപ്പെട്ടിട്ടില്ല.

**പദ്ധതി നടത്തിപ്പിലെ അപാകതകൾ**

1. ആനുകൂല്യത്തിനായി തെരഞ്ഞെടുത്ത വനിതാ (എസ്.സി) കുടുംബശ്രീ യൂണിറ്റുകൾ ഓരോന്നും കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ അംഗത്വം പുതുക്കി പ്രവർത്തനക്ഷമമാണോ എന്ന് ഉറപ്പു വരുത്തിയിട്ടില്ല.
2. പശുക്കളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നതിനായി സെക്രട്ടറി അഥവാ നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലും വാങ്ങലുകൾ നടത്തിയിട്ടില്ല.
3. 130 പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്ന് വാങ്ങിയതായിട്ടാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 30 പശുക്കളെ വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. TR5 രസീത് പ്രകാരം സംസ്ഥാനത്തിലേയ്ക്കുള്ള എൻട്രി ഫീ 30 പശുക്കൾക്കാണ് ലഭ്യമായിട്ടുള്ളത്.
4. 2001ലെ Transport of Animals Rulesലെ chapter 4ലെ റൂൾ 56(c) പ്രകാരം 6-ൽ കൂടുതൽ പശുക്കളെ ഒരു വാഹനത്തിൽ കൊണ്ടു വരാൻ പാടില്ലാത്തതാണ്. എന്നാൽ 10 പശുക്കളെ കൊണ്ടുവന്ന രേഖകൾ (എക്സൈസ് ചെക്ക് പോസ്റ്റ് സീൽ ഉള്ളത്) ഹാജരാക്കിയിട്ടുള്ളത് നിയമവിരുദ്ധമാണ്.
5. Transport of Animals Rules ലെ 96-ാം റൂൾ പ്രകാരം വെറ്ററിനറി വിഭാഗത്തിലെ അസിസ്റ്റന്റ് കമ്മീഷണർ/ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ എന്നീ റാങ്കുകളിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് പശുക്കളുടെ വാഹനത്തിലുള്ള യാത്രയ്ക്ക് അനുമതി നൽകേണ്ടത്. എന്നാൽ തമിഴ്നാട് സംസ്ഥാനത്തിലെ വെറ്ററിനറി അസിസ്റ്റന്റ് സർജന്റെ അനുമതിപത്രമാണ് ലഭ്യമായത്. ഇത് ക്രമപ്രകാരമല്ല.
6. വാങ്ങൽ നടപടികളിലെ വിലച്ചീട്ട് (ലഭ്യമായിട്ടുള്ളത്) പ്രകാരമുള്ള പശുക്കളുടെ വിലകളും ലോൺ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
7. ഹാജരാക്കിയ രേഖകളിൽ കർഷകർക്ക് ഇൻഷ്വറൻസിന്റെ സംരക്ഷണം ഏർപ്പെടുത്തിയതിന് ആധാരമായ രേഖകൾക്ക് വ്യക്തതയില്ല.
8. പദ്ധതിയുടെ ഒരു ഘട്ടത്തിലും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല.
9. സബ്സിഡി ലഭ്യമായ 13 വനിതായൂണിറ്റുകളിൽ അക്ഷയ, സ്നേഹ, ഭാവന, പൗർണമി, അർച്ചന, അന്നപൂർണ്ണ, സ്നേഹ II, ശ്രീഭദ്ര, സ്നേഹതീരം, കാവേരി എന്നീ 10 യൂണിറ്റുകളുടെ ഭാരവാഹികൾ ബാങ്കുകളിൽ നിന്ന് ലോൺ കൈപ്പറ്റിയിട്ടില്ലായെന്ന് ഓഡിറ്റ് ടീമിനു മുന്നാകെ എഴുതി നൽകിയിരിക്കുന്നു.
10. ബാങ്ക് പാസ് ബുക്കുകളിൽ ലോൺ അനുവദിച്ചതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാണുന്നുണ്ടെങ്കിലും സബ്സിഡി ലഭ്യമായ തീയതിയിൽ തന്നെ ലോൺ അവസാനിപ്പിച്ചതായി കാണുന്നു.
11. പശുക്കൾക്കായുള്ള ഇൻഷ്വറൻസിന്റെ രേഖകൾ ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല.

പശുക്കളെ ലഭ്യമാക്കൽ പദ്ധതി പ്രകാരം 3640000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ പരാമർശിക്കുന്ന പ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നതിനാൽ പദ്ധതിപ്പണം

ചെലവഴിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല എന്ന് വ്യക്തമാകുന്നു. 13 വനിതാ യൂണിറ്റുകൾക്കായി 280000/- രൂപ ക്രമത്തിൽ ആകെ 3640000/- രൂപ ചെലവഴിച്ചതിൽ 10 ഗ്രൂപ്പുകൾ വായ്പ ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. അതിനാൽ സബ്സിഡിയിനത്തിൽ 10 ഗ്രൂപ്പുകൾക്ക് അനുവദിച്ച 2800000/- (280000x10) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പ്രസ്തുത യൂണിറ്റുകളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി തുക ഈടാക്കുന്നതാണ്. ലോൺ അനുവദിച്ചതായി കാണിച്ചിട്ടുള്ള 3 വനിതായൂണിറ്റുകൾക്കായി നൽകിയ 840000/- രൂപ നടപടി ക്രമങ്ങളിലെ അപാകതകൾ മൂലം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റിൽ ചൂണ്ടികാട്ടിയുള്ള അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 22(2) (iii) (ഇ) പ്രകാരം നിയമവും ചട്ടവും, സർക്കാർ നിർദ്ദേശങ്ങളും അനുസരിച്ചല്ലാതെയോ, പഞ്ചായത്തിന്റെ കർത്തവ്യങ്ങൾക്കനുസൃതമല്ലാതെയോ അധികാരപ്പെടുത്തിയ കാര്യങ്ങൾക്കല്ലാതെയോ നടത്തുന്ന ചെലവുകൾ ദുർവിനിയോഗമായി കണക്കാക്കപ്പെടാവുന്നതും അതനുസരിച്ച് ബാദ്ധ്യത ഈടാക്കാൻ നടപടി എടുക്കേണ്ടതാണ്. ചട്ടത്തിന്റെ പൂർണതയ്ക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആധാരമായുള്ള പ്രൊക്യൂർമെന്റ് മാന്വലിന് അനുസരിച്ചുള്ള വാങ്ങലുകൾ സഹകരണ നിയമത്തിന് കീഴിലുള്ള ബാങ്കുകളുടെ ഇടപെടലുകൾ ഭരണ സമിതിയുടെ ഇടപെടലുകൾ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ച നടപടികൾ, ശരിയായ ദിശ നിർണ്ണയിക്കേണ്ട സെക്രട്ടറി എന്നീ ഘടകങ്ങൾക്കു മേലുള്ള മേൽ അന്വേഷണം അനിവാര്യമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.19 മുതൽ 22.07.19 വരെ | കെ.എസ്.എ.റ്റി.വി.എം.ബി.പി.1489/2019 തീയതി 20.08.2019. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നം | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | തിരികെ ലഭിച്ച | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|

| | | തുക | | തുക | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കൊച്ചുറ ജനകീയ റോഡ് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 1,45,000/- | 0 | 0 | 1,45,000/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | മുതൽ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(എം.എസ്) 207/2009 ത.സ്വ.ഭ.വ 07.11.09 | 62,76,200 | 1821276 | 643042 | 1178234 |
| ഐ.എ.വൈ അധിക ധന സഹായം കോ-ഓപ്പറേറ്റീവ് ബാങ്ക് (5 എണ്ണം) | സ.ഉ(കൈ) നം115/13/ തസ്വഭവ തി.22.3.13 | 55,00,000 | 3635805 | 1053258 | 2582547 |

# 4-6 സ്ഥിരനിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,36,26,490/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,09,07,108/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28,00,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 42,97,500/- |

**ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 28,00,000/- | ശ്രീമതി. മാലതി, ക്ഷീരവികസന അസി. ഡയറക്ടർ (റിട്ട.) |

**<u>(സി) തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-21(1) | 2,17,500/- | ശ്രീമതി. അജിത, കൃഷി അസി. ഡയറക്ടർ |
| 1-21(2) | 3,90,000/- | ശ്രീമതി. അജിത, കൃഷി അസി. ഡയറക്ടർ |
| 1-24 | 28,50,000/- | ശ്രീ. ഷിബു ഷൈൻ, വ്യവസായ വികസന ഓഫീസർ |
| 3-1 | 8,40,000/- | ശ്രീമതി. മാലതി, ക്ഷീരവികസന അസി. ഡയറക്ടർ (റിട്ട.) |
| ആകെ | 42,97,500/- | |

## ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി. മാലതി, ക്ഷീരവികസന അസി. ഡയറക്ടർ (റിട്ട.) | | സന്ദീപം, ഹൗസ് നം.2, ശാരദ മംഗലം നോർത്ത്, കരമന.പി.ഒ. |

ഇ. ഭരണതല നടപടിയ്ക്ക് ശുപാർശ ചെയ്ത ഖണ്ഡികകളുടെ വിവരം

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.ബി&ഡി.475/09 തീയതി 08.03.2013 | 8 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.ബി&ഡി.476/09 തീയതി 30.03.2013 | 11 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.ബി&ഡി.230/09 തീയതി 08.03.2013 | 5 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ബി&ഡി.477/09 തീയതി 08.03.2013 | 8 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ബി&ഡി.765/08 തീയതി 30.03.2013 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ബി&ഡി.765/08 തീയതി 01.04.2013 | 5 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ബി&ഡി.141/10 തീയതി 01.04.2013 | 5 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ബി&ഡി.141/10 തീയതി 07.08.2013 | 4 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ബി&ഡി.475/09 തീയതി 08.03.2013 | 9 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ബി.പി.259/18 തീയതി 18.1.2018 | 4 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം. ബി.പി.260/2018 തീയതി 18.1.2018 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ബി&ഡി.562/13 തീയതി 06.09.2013 | 4 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ബി.പി.261/18 തീയതി 18.1.2018 | 1 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ബി&ഡി.320/13 തീയതി 27.09.2013 | 4 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ബി.പി.262/2018 തീയതി 18.1.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി.263/2018 | 2 | |

| | | | |
|---|---|---|---|
| | തീയതി 18.1.2018 | | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ബി.പി.264/2018<br>തീയതി 18.1.2018 | 3 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി1265/2018<br>തീയതി 18.1.2018 | 1 | |
| 2015-16 | എൽ.എഫ്.റ്റി.ഡി.ബി&ഡി.211/17<br>തീയതി 31.01.17 | 17 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2027/2017<br>തീയതി 7.11.2017 | 7 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/195/2018 | 10 | |

**ഒപ്പ്/-**

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

**ഒപ്പ്/-**

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി.21.5.2020